(ഇ) എങ്കിൽ അക്രമം തടയുന്നതിന് അവർ എന്ത് നടപടിയെടുത്തു;

(എഫ്) ഒരു നടപടിയും എടുക്കാത്ത പക്ഷം അതിനുള്ള കാരണം എന്ത്?

ഉത്തരം

(എ) ഇല്ല.

(ബി) 'എ' പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) പ്രസ്തുത ദിവസം കിഴക്കേകോട്ട മുതൽ വി.ജെ.റ്റി.ഹാൾ വരെ യൂണിഫോമിൽ തിരുവനന്തപുരം റെയ്ഞ്ച് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ എന്നിവരടക്കം 394 പോലീസ് ഉദ്യോഗസ്ഥരും ഇതിനു പുറമേ 10 ഫ്ളൈയിംഗ് സ്കാഡുകളും ഓരോ സെക്ഷൻ എ.ആർ. പോലീസുകാർ വീതമുള്ള 6 സ്ട്രൈക്കറുകളും ഡ്യൂട്ടിക്കായി നിയോഗിക്കപ്പെട്ടിരുന്നു. തിരുവനന്തപുരം സിറ്റി സ്പെഷ്യൽ ബ്രാഞ്ചിൽ നിന്ന് മഫ്റ്റിയിൽ മൂന്നു പോലീസ് ഉദ്യോഗസ്ഥരേയും ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിരുന്നു.

(ഡി) കണ്ടിരുന്നു.

(ഇ) അക്രമ പ്രവൃത്തിയിൽ ഏർപ്പെടാൻ തുടങ്ങിയപ്പോൾ തന്നെ ഉടൻ പിരിഞ്ഞുപോകണം എന്ന് നിരവധി തവണ മുന്നറിയിപ്പ് നൽകിയിട്ടും അക്രമികൾ പോലീസിനു നേരെയും മറ്റും കല്ലുകൾ, ആസിഡു ബൾബുകൾ എന്നിവ വലിച്ചെറിഞ്ഞും ദണ്ഡുകൾ കൊണ്ട് അടിച്ചും കൂടുതൽ സമരോൽസുകരായി തീർന്നപ്പോൾ സെക്രട്ടേറിയറ്റിന് മുമ്പിൽ ടിയർ ഗ്യാസ് ഉപയോഗിച്ച് ഇവരെ പിരിച്ച് വിട്ടിട്ടുള്ളതാണ്.

(എഫ്) ഉത്തരം 'ഇ' യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

67 (85) 2000 ജൂലൈ 13-ന് തിരുവനന്തപുരം നഗരത്തിൽ നടന്ന അക്രമപ്രവർത്തനങ്ങൾ

ശ്രീ.ബി.വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ജൂലൈ 13-ന് തിരുവനന്തപുരം നഗരത്തിൽ നടന്ന അക്രമപ്രവർത്തനങ്ങൾ എന്തെങ്കിലും വിധത്തിലുള്ള ഗൂഢാലോചനയുടെ ഫലമായുണ്ടായതാണോ;

(ബി) ഈ ഗൂഢാലോചനയിലെ പങ്കാളികൾ ആരെല്ലാമായിരുന്നു;

(സി) എവിടെ വച്ചാണ് ഗൂഢാലോചന നടന്നത്;

(ഡി) ഗൂഢാലോചനക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) ഒരു നടപടിയും എടുക്കാത്തപക്ഷം അതിനുള്ള കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അതെ.

(ബി) ഗിരീശൻനായർ, പരമകുമാർ, ഉമാകാന്തൻ, ജയകുമാർ, രാജശേഖരൻ, രാജൻ എന്നു വിളിക്കുന്ന രാജ്കുമാർ, രവികുമാർ, അരുൺകുമാർ, സുധാകരൻ, മണികണ്ഠൻ, ശിശുപാലൻ തുടങ്ങി പതിനൊന്നോളം വരുന്ന ആർ.എസ്.എസ്, ബി.എം.എസ്., എ.ബി.വി.പി., വി.എച്ച്.പി. സംഘടനകളുടെ ഭാരവാഹികൾ.

(സി)ഫോർട്ട് ഹൈസ്കൂളിനു സമീപമുള്ള വേട്ടക്കൊരു മകൻ കോവിൽ പാലസ് കെട്ടിടം എന്ന പേരിൽ അറിയപ്പെടുന്ന കെട്ടിടത്തിലെ സംസ്കൃതിഭവൻ ഹാളിൽവച്ച്.

(ഡി,ഇ) ഗൂഢാലോചന നടത്തുകയും അക്രമം നടത്തുകയും ചെയ്ത വർക്കെതിരെ 21 കേസ്സുകൾ (കൊലപാതകക്കേസ്സുൾപ്പെടെ) രജിസ്റ്റർ ചെയ്യുകയുണ്ടായി. സി.ബി.സി.ഐ.ഡി. നർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി. യുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് അന്വേഷണം നടത്തി മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

68 (86) കണ്ണൂർ ജില്ലയിലുണ്ടായ അക്രമസംഭവങ്ങൾ

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :

ഡോ.എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ഡിസംബർ 2-ാം തീയതി സി.പി.ഐ.(എം) കണ്ണൂർ ജില്ലാ സെക്രട്ടറി ജയരാജൻ സഞ്ചരിച്ചിരുന്ന കാറിനു നേരെ ബോംബേറുണ്ടായതിനെ തുടർന്ന് കണ്ണൂർ ജില്ലയിലുണ്ടായ അക്രമ സംഭവങ്ങളിൽ ആരെല്ലാം മരിച്ചു;

(ബി) എത്ര പേർക്ക് പരിക്കേറ്റു; ഇവരിൽ ഗുരുതരമായി പരിക്കേറ്റവർ എത്രയാണ്;

(സി) ഇതോടനുബന്ധിച്ച് എത്ര വീടുകളും കടകളും തകർക്കപ്പെട്ടു;

(ഡി) മരിച്ചവർ, പരിക്കേറ്റവർ, വീടുകളും കടകളും തകർക്കപ്പെട്ടവർ എന്നിവരിൽ എത്രപേർ വീതം ഏതെല്ലാം രാഷ്ട്രീയ കക്ഷി അംഗങ്ങളോ അനുഭാവികളോ ആണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചന്ദ്രൻ, ശ്രീജിത്ത്, വിജേഷ്, ചന്ദ്രാംഗദൻ, ബിജു, അശോകൻ എന്നീ ആറുപേർ മരിച്ചു.

(ബി) പരിക്കേറ്റവർ - 58

ഗുരുതരമായി പരിക്കേറ്റവർ - 8

(സി) 29 വീടുകളും 5 കടകളും തകർക്കപ്പെട്ടു.

(ഡി) മരിച്ചവർ

സി.പി.ഐ.(എം)	-	3
ബി.ജെ.പി.	-	3

LIBRARY ARCHIVES Kerala Legislative Assembly